# പ്രവാസി ക്ഷേമനിധി

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം
25.12.2008

ഇക്കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പതിനേഴ് ബില്ലുകൾ പാസാക്കിക്കൊണ്ട് നിയമ നിർമ്മാണ യത്നത്തിൽ വലിയൊരു ചുവടുവെപ്പായി. പതിനായിരക്കണക്കിന് ലോട്ടറി എജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമം, കൈത്തറി ക്ഷേമനിധി നിയമം, രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കശുവണ്ടി തൊഴിലാളികളുടെ ക്ഷേമനിയമം എന്നിങ്ങനെ പതിനാറ് ഓർഡിനൻസുകൾ ഇക്കഴിഞ്ഞ സമ്മേളനത്തിൽ വിശദമായി ചർച്ച ചെയ്ത് നിയമമാക്കി. മലബാർ ദേവസ്വം ഓർഡിനൻസും നിയമമായി. അതോടൊപ്പം പ്രവാസി ക്ഷേമനിധി നിയമം പുതുതായി അവതരിപ്പിച്ച് വിശദമായ ചർച്ച നടത്തി പാസാക്കാനും കഴിഞ്ഞു. പാസാക്കിയ പതിനേഴ് നിയമങ്ങളും സംസ്ഥാനത്തെ ലക്ഷക്കണക്കിനാളുകൾക്ക് ക്ഷേമം ഉറപ്പാക്കുന്ന സുപ്രധാന നിയമങ്ങളാണ്.

കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ അവതരിപ്പിച്ച് പാസാക്കിയ പ്രവാസി ക്ഷേമനിധി നിയമം ദശലക്ഷക്കണക്കായ പ്രവാസികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഉറപ്പാക്കുന്നു. വിദേശരാജ്യങ്ങളിൽ തൊഴിലെടുത്ത് ജീവിക്കുന്ന ഇരുപത് ലക്ഷത്തിൽപ്പരംപേർക്കും ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്ത് ജീവിക്കുന്ന പത്ത് ലക്ഷത്തിൽപ്പരംപേർക്കും ഈ നിയമത്തിന്റെ പരിരക്ഷ ലഭിക്കുമെന്നാണ് പ്രതീക്ഷ. മറുനാടുകളിൽ പ്രവർത്തിക്കുന്നവർക്കായി പെൻഷനും മറ്റാനുകൂല്യങ്ങളുമടക്കമുള്ള ഒരു ക്ഷേമനിധി നിയമം ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനത്ത് നിലവിൽ വരുന്നത്. മറ്റേതെങ്കിലും രാജ്യത്തുതന്നെ ഇത്തരമൊരു നിയമം പ്രാബല്യത്തിലുണ്ടോ എന്ന കാര്യം സംശയമാണ്.

കേരളത്തിന്റെ പുരോഗതിയിലും സാമ്പത്തിക വികസനത്തിലും പ്രവാസിമലയാളികൾ വഹിക്കുന്ന പങ്ക് എടുത്തു പറയാതെ തന്നെ എല്ലാവർക്കും അറിയാം. കേരളത്തിലെ തൊഴിലില്ലായ്മ ഗണ്യമായ അളവിൽ പരിഹരിച്ചത് വിദേശത്ത് ലഭ്യമായ തൊഴിലവസരമാണ്. ലക്ഷക്കണക്കിന് മലയാളികളാണ് ഗൾഫിൽ ജോലി ചെയ്യുന്നത്. പതിനായിരക്കണക്കിന് മലയാളികൾ അമേരിക്കയിലും യൂറോപ്പിലും ജോലി ചെയ്യുന്നു. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ജോലി ചെയ്ത് ജീവിക്കുന്ന ലക്ഷക്കണക്കിന് മലയാളികളുണ്ട്.

ലക്ഷക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനം പ്രവാസി കേരളീയരുടെ വരുമാനം കൊണ്ടാണ്. പ്രവാസി കേരളീയർ അയക്കുന്ന പണംകൊണ്ട് ലക്ഷക്കണക്കിന് തൊഴിൽ നാട്ടിലും സൃഷ്ടിക്കപ്പെടുന്നു. അങ്ങനെ കേരളീയ ജീവിതത്തിന്റെ എല്ലാ മേഖലയിലും പ്രവാസി മലയാളികളുടെ അദ്ധ്വാനം അടിസ്ഥാന ഘടകമാണ്.

നമ്മുടെ സഹോദരങ്ങളായ പ്രവാസി മലയാളികളുടെ വിയർപ്പിൽനിന്നാണ് നിരവധി ഗൾഫ് രാജ്യങ്ങളും മറ്റും വികസിച്ചത് എന്നതാണ് പരമാർത്ഥം. ഏറ്റവും നന്നായും ആത്മാർത്ഥമായും ബുദ്ധിപൂർവ്വവും ജോലി ചെയ്യുന്നവരാണ് മലയാളികൾ എന്ന കീർത്തിയുണ്ട്. എത്തിപ്പെടുകയും പ്രവൃത്തിയെടുക്കുകയും ചെയ്യുന്ന നാടുകളിലെ സവിശേഷതകൾ ഉൾക്കൊള്ളുകയും അതേ സമയം സ്വന്തം സാംസ്ക്കാരികതനിമ നില നിർത്തുകയും ചെയ്യുന്നവരാണ് മലയാളികൾ. മറുനാട്ടിൽ പോയി തൊഴിലെടുത്ത് ജീവി ക്കുന്നതിൽ മലയാളികൾക്ക് പ്രത്യേകമായ ഒരു സ്ഥാനം തന്നെയുണ്ട്. ജന്മനാട്ടിന്റെ വികസനത്തിൽ ഏറ്റവുമധികം താല്പര്യമെടുക്കുന്നവരുമാണ് പ്രവാസി മലയാളികൾ. നമ്മുടെ വാർഷിക പദ്ധതിയുടെ അഞ്ച് മടങ്ങിലധികം സംഖ്യ പ്രവാസി മലയാളികൾ നാട്ടിലേക്ക് അയക്കുന്നുണ്ട്. നാട്ടിൽ വ്യവസായ - വാണിജ്യ സംരംഭങ്ങളിൽ മുതൽമുട ക്കുന്നതിലും പ്രവാസി മലയാളികൾ മുൻപന്തിയിലാണ്. ഇക്കഴിഞ്ഞ രണ്ട് ദിവസമായി സംസ്ഥാനത്തെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കൊച്ചിയിൽ നടന്ന 'എന്റെ നാട് കൂട്ടായ്മയിൽ നൂറുകണക്കിന് വിദേശമലയാളികളാണം സംബന്ധിച്ചത്. ടൂറിസം വികസ നത്തിനുള്ള നിരവധി സംരംഭങ്ങൾക്ക് ആ സംഗമത്തിൽ ധാരണയായി. ഇങ്ങനെ വിവിധ രീതിയിൽ നാടിനെ സേവിക്കുന്നവരാണ് പ്രവാസി മലയാളികൾ.

പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നോർക്ക വകുപ്പും നോർക്കാ റൂട്സ് കമ്പ നിയും വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. 'സാന്ത്വനം' എന്ന പേരിൽ ചികിത്സാ സഹായപദ്ധതി അതിൽ പ്രധാനമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷമാണ് സാന്ത്വനം പദ്ധതി കാര്യക്ഷമമാക്കിയതും വിപുലപ്പെടുത്തിയതും. എന്നാൽ വിപുലമായ ഫണ്ടും ക്ഷേമനിയമവും ഇല്ലെന്നത് ലക്ഷക്കണക്കായ പ്രവാസികൾക്ക് സഹായം ലഭിക്കുന്നതിന് തടസ്സമായിരുന്നു. ഈ സാഹചര്യത്തിലാണ് വിദേശ മലയാളികളുടെ ചിരകാലാഭിലാഷമായ ക്ഷേമനിധി നിയമം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചത്. അതിപ്പോൾ യാഥാർത്ഥ്യമായിരി ക്കുന്നു.

18 വയസ്സ് പൂർത്തിയായവരും 55 വയസ്സ് തികഞ്ഞിട്ടില്ലാത്തതുമായ മറുനാടൻ മലയാ ളിക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗമാകാൻ കഴിയും. വിദേശത്ത് രണ്ട് വർഷമെ

ങ്കിലും ജോലി ചെയ്ത ശേഷം തിരിച്ചുവന്നവർക്കും അംഗത്വത്തിന് അവകാശമുണ്ട്. വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ പ്രതിമാസം 300 രൂപയും മടങ്ങി വന്നവരാണെങ്കിൽ നൂറ് രൂപയും ക്ഷേമനിധിയിലേക്ക് പ്രതിമാസം അംശദായമായി അടക്കണം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ കഴിയുന്ന മലയാളികൾ അടക്കേണ്ട അംശദായം നൂറ് രൂപയാണ്. ഓരോ വർഷത്തിലും പിരിഞ്ഞുകിട്ടുന്ന അംശദായത്തിന്റെ രണ്ട് ശതമാനം തുക ക്ഷേമനിധിയിലേക്ക് സർക്കാർ ഗ്രാന്റായി നൽകും.

അടക്കുന്ന അംശദായവും പുറത്ത് പ്രവർത്തിച്ച കാലയളവും മറ്റ് നിബന്ധനകളുമെല്ലാം പരിഗണിച്ച് പെൻഷൻ നൽകുമെന്നതാണ് ക്ഷേനിധിയിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. ക്ഷേമനിധിയിൽ അംഗമായി ചേർന്നയാൾ മരിച്ചാൽ ആശ്രിതർക്ക് കുടുംബ പെൻഷന് അവകാശമുണ്ടാവും. അംഗം മരണപ്പെട്ടാൽ ആശ്രിതർക്ക് ധനസഹായം, രോഗം ബാധിച്ചാൽ ചികിത്സാ സഹായം, വിവാഹ ധനസഹായം, പ്രസവത്തിന് ധന സഹായം, വീട് നിർമ്മാണത്തിനും പുതുക്കിപ്പണിയുന്നതിനും സഹായം, വിദ്യാഭ്യാസ സഹായം എന്നിവയെല്ലാം ക്ഷേമനിധി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തിരിച്ചു വന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ ലഭ്യമാക്കുന്നതിനുള്ള സഹായവും ഇതിൽപ്പെടുന്നു.

ക്ഷേമനിധിയിലേക്കുള്ള രജിസ്ട്രേഷനും അംശദായം സ്വീകരിക്കലും ശ്രമകരമായ പ്രവൃത്തിയാണ്. ക്ഷേമനിധി ബോർഡ് നിലവിൽ വന്നാലുടൻ അതിനുള്ള നടപടികളാരംഭിക്കും. ഇപ്പോൾ വിദേശത്ത് ജോലി ചെയ്ത് ജീവിക്കുന്നവരുടെയും മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്ത് ജീവിക്കുന്നവരുടെയും മടങ്ങി വന്നവരുടെയുമെല്ലാം പ്രതിനിധികൾ ക്ഷേമനിധി ബോർഡിലുണ്ടാകും. വാർഷിക - അർധവാർഷിക - ത്രിമാസ ഗഡുക്കളായി അംശദായം അടക്കാൻ സൗകര്യമുണ്ടാകും. അംശദായം ബാങ്കുകൾ വഴി സ്വീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

കർഷകതൊഴിലാളി പെൻഷൻ, അസംഘടിത മേഖലയിലെ പത്ത് ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്കുള്ള പെൻഷനും ക്ഷേമനിധിയും എന്നിവ പോലെ ഏറ്റവു ബൃഹത്തായ ഒരു ക്ഷേമനിധി പെൻഷൻ പദ്ധതിയാണ് പ്രവാസി ക്ഷേമനിധി. ഏറ്റവും ചുരുങ്ങിയത് മുപ്പത് ലക്ഷത്തോളംപേർ ഉൾക്കൊള്ളുന്ന വിഭാഗമെന്ന നിലയിൽ വലിപ്പത്തിൽ ഒന്നാമതായ ക്ഷേമനിധിയാകും ഇത്. ഈ പദ്ധതി വമ്പിച്ച വിജയമാക്കാൻ മുഴുവനാളുകളുടെയും സഹകരണം ആവശ്യമാണ്. എല്ലാ പ്രവാസി മലയാളികളെയും പദ്ധതിയിൽ അംഗത്വമെടുപ്പിക്കുകയാണ് പ്രഥമ കർത്തവ്യം. പ്രവാസി സംഘടനകളും ഇക്കാര്യത്തിൽ പ്രത്യേക താല്പര്യമെടുക്കേണ്ടതുണ്ട്.